## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*208 — 04.10.2016 ൽ മറുപടിക്ക്

## കരകൗശല മേഖല

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും വകുപ്പ് മന്ത്രി) |
| (എ) കരകൗശല മേഖലയിൽ കൂലിക്കുറവു കാരണം തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിലായിരിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) കരകൗശലമേഖലയിൽ യന്ത്രവൽക്കരണം സാധ്യമല്ലാത്തതിനാൽ ഈ മേഖലയിൽ ഉൽപ്പാദനക്ഷമത കുറവാണ്. തൻമൂലം ഈ മേഖലയിലെ തൊഴിലാളികൾക്ക് പൊതുവേ കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്.<br>കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും അവർ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങി വിപണനം നടത്തുന്നതിനും പൊതു സേവനകേന്ദ്രങ്ങൾ നടത്തുന്നതിനും കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ സുരഭി എന്നിവ മുഖേന സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (ബി) കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കോർപ്പറേഷൻ വെള്ളാനയാണെന്നും തൊഴിലാളികളെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കരകൗശല വികസന കോർപ്പറേഷൻ. കരകൗശല തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൗശല വസ്തുക്കൾ അവരിൽ നിന്നും ന്യായമായ വിലയ്ക്ക് വാങ്ങി കരകൗശല വികസന കോർപ്പറേഷന്റെ വിൽപനശാലകൾ വഴി വിൽക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി കരകൗശല വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന എക്സിബിഷനുകൾ, ക്രാഫ്റ്റ് ബസാറുകൾ എന്നിവ വഴി കരകൗശല തൊഴിലാളികൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുവാൻ സാഹചര്യം ലഭിക്കുന്നു. കരകൗശല വികസന കോർപ്പറേഷൻ ദേശീയ പിന്നോക്ക വിഭാഗ |

ധനകാര്യകോർപ്പറേഷന്റെ ധനസഹായ ത്തോടുകൂടി കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുകയും ചെയ്തുവരുന്നു. കമ്പനിയുടെ പ്രവർത്തനം വസ്തുനിഷ്ഠമായി വിലയിരുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിൽ വിശദമായ ആധുനികവൽക്കരണം നടപ്പാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

(സി) കരകൗശല മേഖലയുടെ പ്രോത്സാഹനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ഫണ്ട് തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കൂടി ലഭ്യമാക്കി തൊഴിലാളി താല്പര്യം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

(സി) കരകൗശല മേഖലയുടെ പ്രോത്സാഹനത്തിനും ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുമായി സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ സഹകരണ സംഘങ്ങൾക്കും നൽകുന്നുണ്ട്.

ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ സുരഭി മുഖേന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വേണ്ടി വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നു. കരകൗശല തൊഴിലാളികളുടെ സ്കിൽ ഡെവലപ്മെന്റിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിശീലന പരിപാടികൾ, ഉൽപ്പന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനായി എക്സിബിഷനുകൾ എന്നിവ അപെക്സ് സഹകരണ സ്ഥാപനമായ സുരഭി സംഘടിപ്പിക്കുന്നു. വിവിധമേഖലയിലെ കരകൗശല തൊഴിലാളികളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് അവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമായി വിവിധ പദ്ധതികൾ കരകൗശല വികസന കോർപ്പറേഷൻ, കാഡ്കോ, സുരഭി എന്നീ സ്ഥാപനങ്ങൾ മുഖേന സർക്കാർ നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ